# 27

# ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുമ്പോൾ

## (8:1– 6)

അദ്ധ്യായം 6–ൽ, ആറു മുദ്രകൾ തുടരെത്തുടരെ തുറക്കുന്നത് നാം കണ്ടു. പിന്നെ നാം അദ്ധ്യായം 7 ലേക്ക് വഴിമാറി ചെന്നപ്പോൾ, പിന്നെ ഭൂമിയിലുള്ള ദൈവജനത്തെ മുദ്രയിടുന്നതും, സ്വർഗത്തിൽ സിംഹാസനത്തിനു മുമ്പിൽ സന്തോഷിക്കുന്നതും കണ്ടു. അദ്ധ്യായം 8–ൽ നാം പ്രാരംഭചിന്തയിലേക്ക് മടങ്ങിവരികയും ഏഴാമത്തെ മുദ്ര പൊട്ടിക്കുന്നതും കണ്ടു.

അദ്ധ്യായം 8 ലെ ആദ്യത്തെ ആറ് വാക്യങ്ങൾ പല ഉദ്ദേശങ്ങളും നിറവേറ്റുന്നുണ്ട്:

(1) അവ പുസ്തകത്തിന്റെ രണ്ടാം ഭാഗം മടക്കുന്നു (4:1–8:5);

(2) അവ പുസ്തകത്തിന്റെ മൂന്നാം ഭാഗത്തിലേക്ക് നയിക്കുന്നു (8:6–11:19);

(3) യുദ്ധസജ്ജമായ ക്രിസ്ത്യാനികൾക്ക് അവയിൽ പ്രത്യേക സന്ദേശം ഉൾപ്പെടുന്നു.

ഏഴാം മുദ്ര തുറക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ, നാം ആദ്യത്തെ ഉദ്ദേശത്തെ പരിശോധിക്കുകയും, പിന്നെ ആ വാക്യങ്ങളിൽനിന്നു ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികൾക്ക് എങ്ങനെ പ്രത്യാശ ലഭിക്കുമെന്നതും നോക്കും. എങ്ങനെയായാലും, നാം പഠനത്തിന്റെ മുഖ്യഭാഗത്തിലേക്ക് കടക്കുന്നതിനു മുൻപ്, ഒരു നിമിഷം നാം രണ്ടാമത്തെ ഉദ്ദേശത്തെ കുറിച്ച് അൽപമൊന്ന് ചിന്തിക്കുന്നതു നന്നായിരിക്കും: അതാണ് പുസ്തകത്തിന്റെ മൂന്നാം ഭാഗത്തിലേക്ക് നയിക്കുന്നത്.

### ഒരുക്കത്തിന്റെ ഉദ്ദേശം (8:1, 2)

അദ്ധ്യായം തുടങ്ങുന്നു, "അവൻ ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ, ഏകദേശം അര മണിക്കൂറോളം മൗനതയുണ്ടായി. അപ്പോൾ ദൈവസന്നിധിയിൽ ഏഴ് ദൂതന്മാർ നിൽക്കുന്നത് ഞാൻ കണ്ടു, അവർക്ക് ഏഴ് കാഹളം ലഭിച്ചു" (വാ. 1, 2). ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ, ഏഴ് കാഹളങ്ങൾ ഊതുന്നതിലേക്ക് നയിച്ചു – അതുപോലെ, പുസ്തകത്തിൽ പിന്നീട്, ഏഴാമത്തെ കാഹളം ഊതിയപ്പോൾ ഏഴ് ക്രോധകലശം ഒഴിക്കുന്നതിലേക്ക് നയിച്ചു (അദ്ധ്യായങ്ങൾ 15 ഉം 16 ഉം).

ഏഴാം മുദ്രയെ തുടർന്ന് കാഹളങ്ങൾ മാത്രമല്ല വരുന്നത്; അത് ഏഴാം മുദ്രയുടെ പ്രവൃത്തിയുടെ പ്രാഥമിക ചിന്ത മാത്രമാണ് നൽകുന്നത്.[1] ഫ്രാങ്ക് പാക്ക് പറഞ്ഞു, "ഏഴാം മുദ്രയിലെ മൊത്തം ഉള്ളടക്കമാണ് ഏഴ് കാഹളങ്ങൾ."[2] ജിം മെക്ഗ്വിഗിൻ പറഞ്ഞു, "ഏഴാം മുദ്രയിൽ ഏഴ് കാഹളങ്ങളും, ഏഴാം കാഹളത്തിൽ ഏഴ് കലശവുമാണ് അടങ്ങിയിരുന്നത്." അദ്ദേഹം അടിസ്ഥാനപരമായ ഒരു ബാഹ്യരൂപരേഖ നൽകുന്നുണ്ട്:

I. മുദ്ര ഒന്ന്
II. മുദ്ര രണ്ട്
III. മുദ്ര മൂന്ന്
IV. മുദ്ര നാല്
V. മുദ്ര അഞ്ച്
VI. മുദ്ര ആറ്
VII. മുദ്ര ഏഴ്
    A. കാഹളം ഒന്ന്
    B. കാഹളം രണ്ട്
    C. കാഹളം മൂന്ന്
    D. കാഹളം നാല്
    E. കാഹളം അഞ്ച്
    F. കാഹളം ആറ്
    G. കാഹളം ഏഴ്
        1. കലശം ഒന്ന്
        2. കലശം രണ്ട്
        3. കലശം മൂന്ന്
        4. കലശം നാല്
        5. കലശം അഞ്ച്
        6. കലശം ആറ്
        7. കലശം ഏഴ്[3]

ഏഴ് മുദ്രകൾക്കും, ഏഴ് കാഹളങ്ങൾക്കും, ഏഴ് കലശങ്ങൾക്കും തമ്മിൽ അമ്പരപ്പിക്കുന്ന പല സമാനതകളുമുണ്ട്. ആ ഏഴുകളിൽ ഓരോന്നിലും നാലിന്റേയും മൂന്നിന്റേയും കൂട്ടമാണുള്ളത് (ഓരോ പരമ്പരയിലും, ആദ്യത്തെ നാല് ചിഹ്നങ്ങളും അടുത്ത് ബന്ധപ്പെട്ടും, അവസാനത്തെ മൂന്നെണ്ണം കൂടുതൽ വ്യത്യസ്തമായുമാണിരിക്കുന്നത്). "മൂന്നു വിവരണങ്ങളും പ്രധാനമായി ഏതാണ്ട് ഒരേ രീതിയിൽ ആണുള്ളത്, ഉൾക്കൊള്ളുന്ന വിവരങ്ങൾ പലപ്പോഴും ഒരേ രീതിയിലായിരിക്കും, ചിലപ്പോൾ ഒന്നുപോലെയിരിക്കും."[4] കൂടാതെ, എല്ലാം അവസാനിപ്പിക്കുന്നത്, ദൈവശക്തിക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരേ വാക്ക് ഉപയോഗിച്ചുകൊണ്ടായിരിക്കും (8:5; 11:19; 16:18–21).

അതിനർത്ഥം ആ ഭാഗങ്ങൾ മൂന്നും എല്ലാവിധത്തിലും ഒന്നു തന്നെയാണെന്നും അതുകൊണ്ട് അധികപ്പറ്റാണെന്നും കരുതരുത്. "ആ മൂന്നു ഭാഗങ്ങൾക്കും ... ഓരോന്നിന്റേയും വ്യക്തിഗത വിഷയങ്ങളുണ്ട്,"[5] ഊന്നലുമുണ്ട്. ഭാഗങ്ങൾ യുക്തിസഹജമായിത്തന്നെയാണ് പുരോഗമിക്കുന്നത്.[6] അവയുടെ പുരോഗമനം ഇങ്ങനെ പറയാം:

(1) മുദ്രകൾ പൊട്ടിച്ചു: വെളിപ്പാട്.
(2) കാഹളങ്ങൾ ഊതി: മുന്നറിയിപ്പ്.
(3) ക്രോധകലശങ്ങൾ ഒഴിച്ചു: ശിക്ഷ.

ഓരോ ഭാഗത്തിലേയും അടിസ്ഥാന സന്ദേശം ഒന്നു തന്നെ: ദൈവമാണ് എല്ലാം നിയന്ത്രിക്കുന്നത്, അവൻ എല്ലാം നേരെയാക്കും!

## പ്രാർത്ഥനയുടെ ശക്തി (8:1-6)

നമ്മുടെ പാഠത്തിന്റെ മുഖ്യഭാഗത്തേക്കാണ് നാം ഇപ്പോൾ എത്തിയിരിക്കുന്നത്. ഞാൻ 8:1–6 പഠിക്കുവാൻ ആരംഭിച്ചപ്പോൾ, ഒരുക്കത്തിന്റെ പ്രാധാന്യമായിരിക്കും മുഖ്യമെന്ന് ഞാൻ പ്രതീക്ഷിച്ചു: ഏഴ് കാഹളങ്ങൾ ഊതുന്നതിനായി നമ്മുടെ മനസുകളെ ഒരുക്കുവാനാണ് ദൈവം ഈ ഭാഗത്തെ ഉപയോഗിച്ചത്; അതുപോലെ, ഏതൊരു വിലയുള്ള പ്രവൃത്തിക്കും നിങ്ങളും ഞാനും ഒരുങ്ങേണ്ടിയിരിക്കുന്നു. അത് ഒരു വിലയുള്ള വിഷയമാണ്, എന്നാൽ വാക്യങ്ങളെ ഞാൻ കൂടുതൽ പഠിച്ചപ്പോൾ, ആ വേദഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്ന പ്രാർത്ഥനയുടെ ശക്തമായ ഉപദേശം എനിക്ക് വളരെ ഇഷ്ടമായി. "ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുമ്പോൾ" എന്തു സംഭവിക്കുന്നു എന്ന ചിന്തകൾ ഞാൻ പങ്ക് വെക്കട്ടെ.

### സ്വർഗം കേൾക്കുന്നു (വാ. 1)

ഏഴാം മുദ്ര പൊട്ടിക്കുന്നതോടുകൂടിയാണ് വേദഭാഗം ആരംഭിക്കുന്നത്: "അവൻ ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ, സ്വർഗത്തിൽ ഏതാണ്ട് അര മണിക്കൂറോളം മൗനത ഉണ്ടായി" (വാ. 1).

വെളിപ്പാടിൽ, പലപ്പോഴുമെന്നപോലെ, പറയുന്നത് പലതും നമ്മിൽ ചിലരെ അതിശയിപ്പിക്കുന്നതാണ്. യോഹന്നാൻ സ്വർഗത്തിലെ സിംഹാസനമുറിയിലായ സമയം മുതൽ (4:1, 2), ശബ്ദത്തിന്റെ അലകൾ നമ്മുടെ ചെവികളിൽ അടിച്ചുകൊണ്ടാണിരുന്നത്. അദ്ധ്യായം 4 ലും 5 ലും നാം സ്വർഗീയ ഗാനം കേട്ടു. അദ്ധ്യായം 6–ൽ ഇടി വെട്ടുന്ന ശബ്ദവും, രക്തസാക്ഷികളുടെ കരച്ചലും പ്രപഞ്ചം പിളരുന്ന ശബ്ദവും നാം കേട്ടു. അദ്ധ്യായം 7–ൽ വലിയ ഗായകർ ചേർന്ന് പ്രകമ്പനം കൊള്ളിക്കുന്ന ഗാനത്തോടുകൂടി അവസാനിപ്പിക്കുന്നു. ആ അദ്ധ്യായങ്ങളിലെല്ലാം പറയുന്നതും പാടുന്നതുമെല്ലാം ഏതാണ്ട് "*അത്യുച്ചത്തിൽ* ആയിരുന്നു" (5:2, 12; 6:10; 7:2, 10; എംഫസിസ് മൈൻ).

പെട്ടെന്ന്, ഒരു മൗനതയുണ്ടായി – പൂർണ്ണമായ നിശബ്ദത.[7] ആ മൗനത "അര മണിക്കൂറോളം" നീണ്ടുനിന്നു. എന്തെങ്കിലും സംഭവിക്കുവാനായി നിങ്ങൾ കാത്തിരിക്കുകയല്ലെങ്കിൽ – അര മണിക്കൂർ എന്നത് ദീർഘമായ സമയമല്ല. നിങ്ങൾ നിങ്ങളുടെ കുട്ടിയെ എത്രയും വേഗം ആസ്പത്രിയിലേക്ക് കൊണ്ടുപോകേണ്ടിവരുമ്പോൾ, ഡോക്ടറുടെ പരിശോധനാ വിവരത്തിനായി കാത്തിരിക്കുകയാണെങ്കിൽ, അര മണിക്കൂർ എന്നത് ആയുഷ്ക്കാലസമയമായി തോന്നിയേക്കാം. അടുത്ത് വരുവാനിരിക്കുന്നതിനായി യോഹന്നാൻ കാത്തിരുന്നപ്പോൾ, ആ മുപ്പത് മിനിറ്റ് അവന് നിത്യമായ കാത്തിരിപ്പായി തോന്നിയിരിക്കാം.[8]

"അര മണിക്കൂറോളം" എന്ന പ്രയോഗത്തിന്റെ ആലങ്കാരിക അർത്ഥമെന്തായിരിക്കുമെന്ന് മനസിലാക്കുവാൻ വ്യാഖ്യാതാക്കൾക്ക് വിഷമം നേരിട്ടു. "എന്തായിരിക്കും അതിന്റെ *അർത്ഥം?*": എന്ന് ഓർത്ത് അവർ ദു:ഖിച്ചു. ഏറ്റവും നല്ല ചോദ്യം, "ആ പ്രസ്താവനയിൽ അതെന്തുദ്ദേശമാണ് നിറവേറ്റുന്നത്?" എന്നായിരിക്കും. ഒരു ഗായകൻ അല്ലെങ്കിൽ പാട്ടുകാരൻ ഇടക്കു നിർത്തുമ്പോൾ,[9] "ദൈർഘ്യം കുറക്കുവാനുദ്ദേശിക്കുക*യാണ്,*" ആ സമയത്തേക്ക് മാത്രം അയാൾ മൗനമായിരിക്കും. "സംഗീതത്തിനിടയിൽ ഇങ്ങനെ നിർത്തുന്നതിന്റെ *അർത്ഥം* എന്താണ്?" എന്ന് ആരെങ്കിലും ചോദിക്കുന്നത് ഞാൻ കേട്ടിട്ടില്ല. മറിച്ച്, ആ മൗനം ചിലത് ഉദ്ദേശിച്ചാണെന്ന് നമുക്ക്

അറിയാം; ആ സംഗീതത്തിന്റെ മൊത്തത്തിലുള്ള ഫലത്തിനോ, അല്ലെങ്കിൽ സംഗീതത്തിന്റെ മാറ്റു കൂട്ടുന്നതിനോ ആയിരിക്കും. അതുപോലെ, 8:1 ലെ മൗനം ഒരുപക്ഷെ വരുവാനിരിക്കുന്ന വെളിപ്പാടിന്റെ കാത്തിരിപ്പ് ഉയർത്തുന്നതിനായിരിക്കാം.[10]

ചില വ്യാഖ്യാതാക്കൾ മൗനത്തിന് വേറെ ഉദ്ദേശം പറയുന്നുണ്ട്. ജി. ആർ ബീസ്ലേ - മുറേ അഭിപ്രായപ്പെട്ടത് "സ്വർഗത്തിൽ മൗനതയുണ്ടായതിന് കാരണം സന്ദർഭം വ്യക്തമാക്കുന്നു. ആ ഖണ്ഡികയിലെ വാക്യം 2 നുശേഷമുള്ള ഭാഗം *പ്രാർത്ഥന*യെന്ന വിഷയത്തെ കേന്ദ്രീകരിച്ചുള്ളതാണ് ... പ്രാർത്ഥന മാത്രം കേൾക്കേണ്ടതിന് എല്ലാം നിശബ്ദമാകേണ്ട ആവശ്യമുണ്ടായിരുന്നു."[11] വില്യം ബാർക്ലേ എഴുതി,

> വിശുദ്ധന്മാർ ദൈവത്തോട് പ്രാർത്ഥിക്കുവാൻ പോകുന്നു; സ്വർഗത്തിൽ എല്ലാം നിശബ്ദമായിരിക്കുന്നത്, അവരുടെ പ്രാർത്ഥന കേൾക്കേണ്ടതിനായിരിക്കാം ... സ്വർഗത്തിലെ സംഗീതവും വെളിപ്പാടിന്റെ ഇടിയും നിലച്ചത്, ഒരുപക്ഷെ തന്റെ എളിമയുള്ള വിശ്വസ്തരായ ജനത്തിന്റെ അപേക്ഷകൾക്ക് ദൈവം ചെവികൊടുക്കേണ്ടതിനായിരിക്കാം.[12]

ഫ്രാങ്ക് പാക്ക് പറഞ്ഞു, "ഭൂമിയിലുള്ള വിശുദ്ധന്മാരുടെ ... യാചനകൾ കേൾക്കേണ്ടതിനായിരിക്കാം സ്വർഗത്തിലെ ദൂതസംഘത്തിന്റേയും മൂപ്പന്മാരുടേയും നാല് ജീവികളുടേയും പുകഴ്ച്ച നിർത്തിയത്."[13]

നിങ്ങൾ എതിർത്തേക്കാം, "പക്ഷെ ദൈവജനത്തിന്റെ പ്രാർത്ഥന കേൾക്കുവാൻ ദൈവത്തിന് പൂർണ്ണമായ നിശബ്ദത ആവശ്യമില്ലല്ലോ." അത് ശരിയാണ്, എന്നാൽ ഇത് ആലങ്കാരികമാണ് എന്ന് ഓർക്കുക. നമുക്ക് ബഹുമാനമുള്ള ആരെങ്കിലും സംസാരിക്കുമ്പോൾ, നാം കഴിവതും ഉറ്റ് ശ്രദ്ധിക്കും. നാം ചെയ്തുകൊണ്ടിരിക്കുന്നതു നിർത്തും; കുട്ടികളോട് നിശബ്ദരായിരിക്കുവാൻ പറയും; നാം റോഡിയോ അല്ലെങ്കിൽ ടിവി നിർത്തും; അതുപോലെ, തന്റെ വിശുദ്ധന്മാരുടെ വാക്കുകൾ ശ്രദ്ധിക്കേണ്ടതിന് ഭൂമിയിലേയും സ്വർഗത്തിലേയും മറ്റു ശബ്ദങ്ങൾ നിർത്തുന്നു.[14] ഈ ചിത്രം എന്റെ ഹൃദയത്തെ സ്പർശിച്ചു. യൂജിൻ പീറ്റേഴ്സൺ എഴുതി,

> ശബ്ദമുഖരിതമായ ലോകത്തിലാണ് നാം ജീവിക്കുന്നത്. നാം ശബ്ദമുണ്ടാക്കും, വിളിക്കും, ഉച്ചത്തിൽ സംസാരിക്കും. ഓരോരുത്തർക്കും നമ്മോടു പറയുവാൻ പലതുമുണ്ടായിരിക്കും. നമുക്ക് ചുറ്റും ശബ്ദങ്ങളാണ്: ഫോണിന്റെ, റേഡിയോയുടെ, ടിവിയുടെ, സ്റ്റീരിയോയുടെ, സന്ദേശങ്ങൾ ചെവിയടപ്പിക്കുന്ന രീതിയിൽ ഉയരുകയാണ്. ആരും കേൾക്കുന്നില്ലെങ്കിലും ഓരോരുത്തരും ഉടനുടനെ സംസാരിച്ചുകൊണ്ടാണിരിക്കുന്നത്. എന്നാൽ ദൈവം ശ്രദ്ധിക്കും ... അവൻ നമ്മോട് സംസാരിക്കുന്ന അതേ ഗൗരവത്തിൽ തന്നെ നമ്മെയും അവൻ കേൾക്കും ...
>
> പ്രാർത്ഥനയിലെ നമ്മുടെ ഓരോ വിലാപവും, പിറുപിറുപ്പും, പരാതിയും: എല്ലാം അവൻ ശ്രദ്ധിക്കും. സ്വർഗം മുഴുവൻ നിശബ്ദമാകും. ദൈവം കേൾക്കേണ്ടതിന്ന്, ദൂതന്മാരുടെ ശബ്ദവും, കാഹളസന്ദേശ ധ്വനിയും, സിംഹാസന ഗാന ശബ്ദവും നിലയ്ക്കും.[15]

മുപ്പതോ-ളം മിനിറ്റ് നിശബ്ദതക്ക് അത്രയും സൂചനകൾ ഉണ്ടായാലും ഇല്ലെങ്കിലും, ആ വേദഭാഗം മൊത്തത്തിൽ പറയുന്നത്, ദൈവം *തനിക്ക്* പ്രത്യേകതയുള്ളവരുടെ പ്രാർത്ഥന കേൾക്കും എന്നാണ്. "യോഹന്നാൻ പറയുന്നത് എന്തെന്നാൽ, അന്നും ഇന്നും, ഹൃദയം കലങ്ങിയിരിക്കുന്ന ദൈവമക്കളുടെ പ്രാർത്ഥന ദൈവം കേൾക്കുകയും മറുപടി നൽകുകയും ചെയ്യും. കരുണയും ന്യായവിധിയും നടത്തുന്ന ദൈവം അലസനായിരിക്കുകയോ നമ്മുടെ അപേക്ഷ കേൾക്കാതവണ്ണം അവന്റെ ചെവി മന്ദമായിരിക്കുകയോ ഇല്ല എന്നാണ്."[16]

ദൈവം തന്റെ ആളുകളുടെ പ്രാർത്ഥന കേൾക്കുമെന്ന സത്യം ബൈബിളിൽ ഉടനീളം പറയുന്നുണ്ട്. സദൃശവാക്യം പറയുന്നത് "നീതിമാന്മാരുടെ ... പ്രാർത്ഥനയോ അവൻ കേൾക്കുന്നു" (15:29). ദൈവം ശലോമോനോട് പറഞ്ഞു, "നീ എന്റെ മുൻപാകെ കഴിച്ചിരിക്കുന്ന പ്രാർത്ഥനയും യാചനയും ഞാൻ കേട്ടു" (1 രാജാക്കന്മാർ 9:3). "ഞാൻ നിന്റെ പ്രാർത്ഥന കേട്ടു നിന്റെ കണ്ണുനീർ കണ്ടിരിക്കുന്നു" എന്ന് ഹിസ്ക്കിയാവിനോട് ദൈവം അറിയിച്ചു (2 രാജാക്കന്മാർ 20:5). വിശ്വസ്തരുടെ പ്രാർത്ഥനയും യാചനയും ദൈവം ഇപ്പോഴും കേൾക്കും. പത്രൊസ് എഴുതി, "കർത്താവിന്റെ കണ്ണ് നീതിമാന്മാരുടെമേലും അവന്റെ ചെവി അവരുടെ പ്രാർത്ഥനെക്കും തുറന്നിരിക്കും" (1 പത്രൊസ് 3:12). യോഹന്നാൻ അതിനോട് യോജിക്കുന്നു "അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളത് നമുക്ക് അവനോടുള്ള ധൈര്യം ആകുന്നു" (1 യോഹന്നാൻ 5:14). "കേൾക്കുമെന്നുള്ള ഉറപ്പായിരുന്നു ആദ്യക്രിസ്ത്യാനികളുടെ പ്രാർത്ഥനയുടെ പ്രത്യേകത."[17]

നാം പ്രാർത്ഥിക്കുമ്പോൾ, സ്വർഗം കേൾക്കുമെന്നുള്ളത് മനോഹരമായ കാര്യം അല്ലേ?

**സ്വർഗം പ്രസാദിക്കുന്നു (വാ. 3, 4)**

ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുമ്പോൾ, സ്വർഗം പ്രസാദിക്കുന്നു എന്നും ആ വേദഭാഗം പറയുന്നു.


വാക്യം 2-ൽ, ഏഴ് ദൂതന്മാർക്ക്[18] ഏഴ് കാഹളങ്ങൾ കൊടുത്തിരിക്കുന്നു; എന്നാൽ അവർക്ക് കാഹളം ഊതുവാനുള്ള അനുവാദം ലഭിക്കുന്നതിനു മുൻപ് വേറൊരു ദൂതൻ രംഗത്ത് വരുന്നു:[19]

> വേറൊരു ദൂതൻ ഒരു സ്വർണ്ണധൂപകലശവുമായി[20] വന്നു യാഗപീഠത്തിന്നരികെ നിന്നു; സിംഹാസനത്തിൻ മുമ്പിലുള്ള സ്വർണ്ണപീഠത്തിന്മേൽ, [21]സകല വിശുദ്ധന്മാരുടേയും [22]പ്രാർത്ഥനയോട് ചേർക്കേണ്ടതിന്ന് വളരെ ധൂപവർഗം അവന്ന് കൊടുത്തു.[23] ധൂപവർഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടെ[24] ദൂതന്റെ കയ്യിൽനിന്ന് ദൈവസന്നിധിയിലേക്ക് കയറി (വാ. 3, 4). (ഈ പാഠത്തിന്റെ അവസാനം വരുന്ന "ധൂപവർഗ്ഗപീഠത്തിന്റെ മുൻപിൽ ഒരു ദൂതൻ" എന്ന ചിത്രീകരണം നോക്കുക.)

ഈ അലങ്കാരം പഴയനിയമത്തിൽനിന്നാണ്: സമാഗമനകൂടാരത്തിനുള്ളിലെ അതിവിശുദ്ധസ്ഥലത്തുണ്ടായിരുന്ന ധൂപവർഗ്ഗപീഠമാണ് സ്വർണ്ണ

യാഗപീഠം (പുറപ്പാട് 30:1-8). അത് മരംകൊണ്ടുണ്ടാക്കിയതും മൂന്നടി ഉയരവും, ഓരോ വശവും പതിനെട്ട് ഇഞ്ച് വീതിയുമുള്ളതും, പുറം സ്വർണ്ണം പൂശിയതുമായിരുന്നു. പീഠത്തിന് മുകളിൽ ധൂപവർഗം പുകക്കേണ്ടതിന് ഒരു കലശവും (സെൻസെർ എന്നു വിളിക്കുന്ന) ഉണ്ടായിരുന്നു.

ആ യാഗപീഠം വിശുദ്ധസ്ഥലവും അതിവിശുദ്ധസ്ഥലവും തമ്മിൽ വേർതിരിച്ചിരുന്ന തിരശീലക്ക് മുൻപിൽ തന്നെയായിരുന്നു.[25]




**സമാഗമന കൂടാരം**

നിർദ്ദേശിക്കപ്പെട്ട സമയത്ത്, പുരോഹിതൻ സമാഗമനകൂടാരത്തിന് പുറത്ത് ധൂമ്രയാഗപീഠത്തിൽ ഒരു കലശം എടുത്തുവെക്കുകയും (ദഹനയാഗപീഠം), അതിൽ കൽക്കരി നിറക്കുകയും ചെയ്യും (ലേവ്യാപുസ്തകം 16:12; കൂടാതെ സംഖ്യാപുസ്തകം 16:46 നോക്കുക[26]). പിന്നെ അവൻ ധൂപവർഗകലശം എടുത്ത് അതിവിശുദ്ധസ്ഥലത്തുള്ള യാഗപീഠത്തിൽ വെക്കുകയും, അതിൽ ധൂപവർഗപൊടി ഇടുകയും ചെയ്യും (ലേവ്യാപുസ്തകം 10:1 നോക്കുക). ഉടൻ സൗരഭ്യവാസന വിശുദ്ധസ്ഥലത്ത് പൊങ്ങി, അതിവിശുദ്ധസ്ഥലത്തേക്കും വ്യാപിക്കും. അതിവിശുദ്ധസ്ഥലത്താണ് നിയമപെട്ടകം[27] ഉള്ളത്, അതിനു മുകളിലാണ് കൃപാസനം: തന്റെ ജനത്തെ സന്ദർശിക്കുമെന്ന് ദൈവം വാഗ്ദാനം ചെയ്തിരുന്നത് അവിടെയാണ് (പുറപ്പാട് 25:17-22; 26:34). യെഹൂദമനസിൽ, സൗരഭ്യവാസന ദൈവസാന്നിധ്യത്തെയാണ് ഓർപ്പിക്കുന്നത്.[28]

ഏതാണ്ട് ആരംഭം മുതൽ, ദൈവസന്നിധിയിലേക്ക് പ്രാർത്ഥന എത്തുന്ന ആശയമാണ് സ്വർണ്ണയാഗപീഠത്തിൽ ധൂപവർഗയാഗം അർപ്പിക്കുന്നതിലുള്ളത്. ദാവീദ് എഴുതി, "എന്റെ പ്രാർത്ഥന തിരുസന്നിധിയിൽ ധൂപമായും എന്റെ കൈകൾ മലർത്തുന്നത് സന്ധ്യായാഗമായും തീരട്ടെ" (സങ്കീർത്തനങ്ങൾ 141:2). ദൈവാലയം പണിതശേഷം, രണ്ട്-ദിവസത്തെ-ധൂപവർഗ ചടങ്ങുകൾക്കിടയിൽ (പുറപ്പാട് 30:7, 8), യെഹൂദന്മാർ സ്ത്രീകളുടെ പ്രാകാരത്തിൽ പ്രാർത്ഥനക്കായി കൂടി വന്നിരുന്നു. ലൂക്കൊസ് 1-ൽ, സെഖര്യാവ് ധൂപവർഗം അർപ്പിക്കുവാൻ ദൈവാലയത്തിലേക്ക് പോയപ്പോൾ (വാ. 5, 8, 9, 11), "ജനസമൂഹം ഒക്കെയും പുറത്ത് പ്രാർത്ഥിച്ചുകൊണ്ടിരുന്നു" (വാ. 10). ധൂപവർഗ

ത്തോട് പ്രാർത്ഥന യോജിപ്പിക്കുന്നത് ആദ്യക്രിസ്ത്യാനികൾക്ക് പരിചയമുണ്ടായിരുന്നു, പ്രത്യേകിച്ച് യെഹൂദപശ്ചാത്തലമുള്ളവർക്ക്.[29]

വെളിപ്പാട് 5-ൽ, "വിശുദ്ധന്മാരുടെ പ്രാർത്ഥന" എന്നറിയപ്പെടുന്ന "ധൂപവർഗം നിറച്ച സ്വർണ്ണക്കലശവുമായി" നിൽക്കുന്ന ഇരുപത്തി-നാല് മൂപ്പന്മാരെ കാണിച്ചിരിക്കുന്നു (വാ. 8). അദ്ധ്യായം 8-ൽ ചിത്രത്തിന് അൽപം മാറ്റം വന്നിരിക്കുന്നു: ഇവിടെ വിശുദ്ധന്മാരുടെ പ്രാർത്ഥന ധൂപവർഗത്തോട് *ചേർക്കുകയും* "ധൂപവർഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടു*കൂടെ* ദൂതന്റെ കയ്യിൽനിന്ന് ദൈവസന്നിധിയിലേക്ക് കയറി" (വാ. 3, 4; എംഫസിസ് മൈൻ). ധൂപവും പ്രാർത്ഥനയും തമ്മിൽ വേർതിരിക്കുകയാണെങ്കിൽ, ധൂപവർഗം ക്രിസ്തുവിന്റേയും പരിശുദ്ധാത്മാവിന്റേയും പക്ഷവാദത്തെ അലങ്കരിച്ചിരിക്കുന്നതാണ് (റോമർ 8:26, 34; കൂടാതെ എബ്രായർ 7:25; 1 യോഹന്നാൻ 2:1 ഉം നോക്കുക). ലിയോൺ മോറിസ് നിരീക്ഷിച്ചു, "പ്രാർത്ഥന പലപ്പോഴും തോന്നുന്നതുപോലെ ഏകാന്തമായ ഒന്നല്ല, പ്രാർത്ഥനയിൽ ദൈവത്തിന്റെ സഹായമുണ്ട്, അത് ദൈവത്തിൽ എത്തുകയും ചെയ്യും."[30]

യാഗപീഠത്തെ കുറിച്ചും ധൂപവർഗത്തെ കുറിച്ചും പറഞ്ഞ് നമ്മുടെ പോയിന്റിൽനിന്നു നാം വ്യതിചലിക്കാതെ നോക്കണം. ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുമ്പോൾ, സ്വർഗം പ്രസാദിക്കും! പഴയനിയമ ഭാഷയിൽ പറഞ്ഞാൽ, ദൈവത്തിന്റെ മൂക്കിൽ സുഗന്ധമായി തീരും,[31] അതുപോലെ നിങ്ങളുടെ പ്രാർത്ഥന അവന് മധുരമാണ്. "നേരുള്ളവരുടെ പ്രാർത്ഥനയോ അവന്ന് പ്രസാദം" (സദൃശവാക്യങ്ങൾ 15:8). നിങ്ങൾ പ്രാർത്ഥിക്കുന്നത് സ്വർഗത്തിന് സന്തോഷമാണ്.

## സ്വർഗം പ്രതികരിക്കുന്നു (വാ. 5, 6)

എല്ലാറ്റിനുവേണ്ടിയും പ്രാർത്ഥിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്: "ഒന്നിനെ കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്" (ഫിലിപ്പിയർ 4:6). "ചിന്തിക്കുവാൻ നല്ലതായതെന്തും, പ്രാർത്ഥിക്കുവാനും ഗുണമുള്ളതാണ്"

എങ്ങനെയായാലും, വെളിപ്പാട് 8 ന്റെ ആദ്യഭാഗത്ത്, വിശുദ്ധന്മാർ ഒരു പ്രത്യേക രീതിയിലുള്ള പ്രാർത്ഥനയാണ് നടത്തുന്നത് – ''ഭൂമിയിൽ വസിക്കുന്നവരോട് ... ഞങ്ങളുടെ രക്തത്തെ കുറിച്ച് യാഗപീഠത്തിൻകീഴുണ്ടായിരുന്ന രക്തസാക്ഷികളുടെ ... സത്യവാനും വിശുദ്ധനുമായ നാഥാ, 'നീ എത്രത്തോളും പ്രതികാരവും ന്യായവിധിയും നടത്താതിരിക്കും?' " എന്ന പ്രാർത്ഥനയോട് ഒക്കുന്ന പ്രാർത്ഥനയാണ് അത് (6:9, 10). പ്രാർത്ഥനക്കു ശേഷം സംഭവിക്കുന്നതുനിമിത്തമാണ് നാം ഈ തീർപ്പിലെത്തുന്നത്:

> ദൂതൻ ധൂപകലശം എടുത്ത് യാഗപീഠത്തിലെ കനൽ നിറെച്ചു ഭൂമിയിലേക്ക് എറിഞ്ഞു.[32] ഉടനെ ഇടിമുഴക്കവും, നാദവും, മിന്നലും, ഭൂകമ്പവും ഉണ്ടായി.
>
> ഏഴ് കാഹളമുള്ള ദൂതന്മാർ ഏഴുവരും കാഹളം ഊതുവാൻ ഒരുങ്ങിനിന്നു (വാ. 5, 6).

വീണ്ടും ജനിക്കപ്പെടാത്തവരെ കുറിച്ചാണ് ''ഭൂമി'' എന്ന പ്രയോഗം

കൊണ്ടുദ്ദേശിക്കുന്നത്.[33] രക്തസാക്ഷികൾ ചോദിച്ചു, "*ഭൂമിയിൽ വസിക്കുന്നവരോട്* ... നീ എത്രത്തോളം... പ്രതികാരവും ന്യായവിധിയും നടത്താതിരിക്കും?" (എംഫസിസ് മൈൻ.) ക്രിസ്ത്യാനികൾക്കെതിരായി പ്രവർത്തിക്കുന്നവരെ ശിക്ഷിക്കുന്നത് സൂചിപ്പിക്കുന്നതാണ് "ഭൂമിമേൽ" കനൽ എറിയുന്നത്.[34]

ഭൂമിമേൽ തീ തട്ടുന്നതിനെ തുടർന്ന്, "ഇടിയും, നാദവും, മിന്നലും, ഭൂകമ്പവും ഉണ്ടാകുന്നു." അദ്ധ്യായം 4-ൽ നാം കണ്ടു "സിംഹാസനത്തിൽനിന്ന് മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നതായി" (വാ. 5). ഇളകാത്തതെന്ന് ആളുകൾ വിചാരിച്ചിരുന്നതിനെ ഇളക്കുന്നതായിരുന്നു അദ്ധ്യായം 6 ലെ ആലങ്കാരിക ഭൂകമ്പം.[35] ആ മ്ലേഛമായ വാക്കുകൾ ദൈവത്തിന്റെ ന്യായവിധിയെയാണ് സൂചിപ്പിക്കുന്നത്.

അവയെല്ലാം ഏഴ് കാഹളങ്ങളുടെ നാടകീയ മുന്നറിയിപ്പ് ശബ്ദത്തിലേക്ക് നയിച്ചു.[36] അവിശ്വാസികളോടുള്ള ദൈവസന്ദേശം വ്യക്തമായിരുന്നു: നിങ്ങൾ എന്റെ ജനത്തെ ഉപദ്രവിച്ചാൽ, നിങ്ങൾ എന്നോട് മറുപടി പറയേണ്ടി വരും!

ആദ്യക്രിസ്തീയ വായനക്കാർക്ക് മാത്രം ആവശ്യമുള്ള സന്ദേശമായിരുന്നു വാക്യങ്ങൾ 5 ലും 6 ലും ഉള്ളത്. "വലിയ യന്ത്രങ്ങളുടെ ഉപദ്രവവും അവർക്കെതിരായ പുഛവും ഉയർത്തിയിരുന്നു. അവർക്ക് ആയുധങ്ങളോ വോട്ടുകളോ ഇല്ലായിരുന്നു. അവർക്ക് നേട്ടങ്ങളില്ലായിരുന്നു,[37] അല്പം പണം മാത്രമുണ്ടായിരുന്നു." ചുരുങ്ങിയത്, ചിലരെങ്കിലും ചോദിച്ചിരിക്കും, "റോമിന്റെ ശക്തിയുടെ മമ്പിൽ ഞങ്ങൾക്ക് എന്തു ചെയ്യുവാൻ കഴിയും?" വെളിപ്പാട് 8 ലെ ഉത്തരം "പ്രാർത്ഥിക്കുക!" എന്നായിരുന്നു. തോമസ് ടോറൻസ് ഈ ചിന്തോദീപകമായ വാക്കുകൾ നൽകി:

> ലോകത്തിന്റെ പിന്നിലുള്ള വാസ്തവത്തിലുള്ള ശക്തിയും നമ്മുടെ ലക്ഷ്യസ്ഥാനത്തിന്റെ മർമ്മങ്ങളും എന്താണ്? അത്ഭുതപ്പെടുത്തുന്ന ഉത്തരം ഇതാ: വിശുദ്ധന്മാരുടെ പ്രാർത്ഥനയും ദൈവത്തിന്റെ തീയും, ലോകത്തിന്റെ എല്ലാ ശക്തിയെക്കാളും ഇരുട്ടിന്റെ എല്ലാ ബലത്തെക്കാളും ...[ധകൂ] ടുതൽ ശക്തിയുള്ളതാണ്, മറ്റെന്തിനേക്കാളും ശക്തിയുള്ളതാണ് പ്രാർത്ഥനയുടെ ശക്തി, കാരണം അത് ദൈവത്തിൽനിന്ന് ഭൂമിയിലേക്ക് തീ ഇറക്കുന്നു ...
>
> ... ലോകത്തിന്റെ ഗതിയെ തന്നെ മാറ്റി മറിക്കുന്നതാണ് വിശുദ്ധന്മാരുടെ പ്രാർത്ഥനയും ദൈവത്തിന്റെ തീയും. അവ ഏറ്റവും ശക്തിയുള്ളതും, ഏറ്റവും കുഴപ്പിക്കുന്നതും, ഏറ്റവും വിപ്ലവാത്മകവുമാണ്, ലോകത്തിന് അറിയാവുന്നതിൽ വെച്ച് ഏറ്റവും ഭയാനകവുമാണ്. പ്രാർത്ഥന ഇത്ര മാത്രം ശക്തമാണെന്ന് കർത്താവിന്റെ സഭയിലുള്ളവർ വാസ്തവത്തിൽ മനസിലാക്കിയിരുന്നെങ്കിൽ! ...[38]

ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുമ്പോൾ സ്വർഗം കേൾക്കുകയും, പ്രസാദിക്കയും ചെയ്യുക മാത്രമല്ല, *പ്രതികരിക്ക* കൂടെ ചെയ്യും. ദൈവം നമ്മുടെ പ്രാർത്ഥനക്ക് മറുപടി നൽകും! യേശു പറഞ്ഞു, "യാചിപ്പിൻ എന്നാൽ നിങ്ങൾക്ക് കിട്ടും, അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ എന്നാൽ നിങ്ങൾക്ക് തുറക്കപ്പെടും" (മത്തായി 7:7). യാക്കൊബ് എഴുതി, "നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കും" (യാക്കൊബ് 5:16). യോഹന്നാൻ പറഞ്ഞു, "എന്തു യാചിച്ചാലും അവങ്കൽനിന്നു ലഭിക്കും"

(1 യോഹന്നാൻ 3:22). അവൻ പിന്നെയും പറഞ്ഞു,

> അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളത് നമുക്ക് അവനോടുള്ള ധൈര്യമാകുന്നു. നാം എന്ത് അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നു എങ്കിൽ അവനോട് കഴിച്ച അപേക്ഷ നമുക്ക് ലഭിച്ചു എന്നും അറിയുന്നു (1 യോഹന്നാൻ 5:14, 15).

നാം ആ വേദഭാഗങ്ങൾ വിശ്വസിക്കുന്നുണ്ടോ?

വെളിപ്പാട് 8:1-6 പ്രാർത്ഥനയെ കുറിച്ച് വിവിധ എഴുത്തുകാർ താഴെ കൊടുത്തിരിക്കുന്ന പരാമർശങ്ങൾ നടത്തുവാൻ കാരണമായി:

> ദൈവവാഴ്ച്ചയിൽ നേരിട്ടു പങ്ക് ചേരുന്ന രീതിയാണ് [ക്രിസ്ത്യാനിയുടെ പ്രാർത്ഥന.][39]

> ഭൂമിയിൽ വെച്ച് ഏറ്റവും സ്വാധീനശക്തിയുള്ള ഒന്നാണ് പ്രാർത്ഥന; മനുഷ്യർക്ക് കാണുവാൻ കഴിഞ്ഞാലും ഇല്ലെങ്കിലും, ക്രിസ്തീയ പ്രാർത്ഥനയിൽ നിലനിൽക്കാത്ത പ്രധാനപ്പെട്ട സംഭവങ്ങൾ ഒന്നുമില്ല.[40]

> വിശ്വാസത്തോടുകൂടിയ പ്രാർത്ഥനക്കുള്ള ദൈവത്തിന്റെ പ്രതികരണം [ആണ്] [തിന്മയോടുള്ള പോരാട്ടത്തിൽ] ക്രിസ്ത്യാനിയുടെ രഹസ്യ ആയുധം.[41]

> [കുഴപ്പങ്ങൾ നേരിടുമ്പോൾ] ... ആർക്കും പ്രായോഗികമായി ചെയ്യാൻ പറ്റുന്നതാണ് പ്രാർത്ഥന.[42]

ഒരിക്കൽ, ആരാണ് കൂടുതൽ ഉയരത്തിൽ ചാടുക എന്ന മൽസരത്തിലായിരുന്നു രണ്ട് കുട്ടികൾ. കുറെ കഴിഞ്ഞ് ജയിച്ച കുട്ടി അവന് കിട്ടിയ ഒന്നാം-സമ്മാനം തിരിച്ച് നൽകുവാനായി ചെന്നു. അവൻ പറഞ്ഞു, "ഞാൻ ചതിച്ചു" "ഞാൻ ചാടിയതിനു മുൻപ് പ്രാർത്ഥിച്ചു." അവൻ ചതിക്കുകയായിരുന്നില്ല, പക്ഷെ ദൈവസഹായത്തോടുകൂടിയാണ് അവൻ ജയിച്ചത്, അല്ലായിരുന്നുവെങ്കിൽ ജയിക്കുകയില്ലായിരുന്നു എന്ന് അവൻ തിരിച്ചറിഞ്ഞു.-നാമെല്ലാം മനസിലാക്കേണ്ട ഒരു പാഠമാണ് അത്. ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുമ്പോൾ, സ്വർഗം പ്രതികരിക്കുന്നതുകൊണ്ട്, നമുക്ക് ദൈവ ത്തിന് സ്തോത്രം ചെയ്യാം.

## ഉപസംഹാരം

സങ്കീർത്തനങ്ങൾ 55-ൽ ദാവീദ് തന്റെ ഹൃദയം ദൈവത്തിൽ പകരുന്നു:

> എനിക്ക് ചെവിതന്ന് ഉത്തരമരുളേണമേ ശത്രുവിന്റെ ആരവം നിമിത്തവും ദുഷ്ടന്റെ പീഢനം നിമിത്തവും ഞാൻ എന്റെ സങ്കടത്തിൽ പൊറുതിയില്ലാതെ ഞരങ്ങുന്നു. അവർ എന്റെമേൽ നീതികേട് ചുമത്തുന്നു. കോപത്തോടെ എന്നെ ഉപദ്രവിക്കുന്നു. എന്റെ ഹൃദയം എന്റെ ഉള്ളിൽ

വേദനപ്പെട്ടിരിക്കുന്നു.

> മരണഭീതിയും എന്റെ മേൽ വീണിരിക്കുന്നു. ഭയവും വിറയലും എന്നെ പിടിച്ചിരിക്കുന്നു. പരിഭ്രമം എന്നെ മൂടിയിരിക്കുന്നു. "പ്രാവിനെപോലെ എനിക്ക് ചിറകുണ്ടായിരുന്നുവെങ്കിൽ, എന്നാൽ ഞാൻ പറന്നുപോയി വിശ്രമിക്കുമായിരുന്നു" എന്ന് ഞാൻ പറഞ്ഞു (വാ. 2-6).

നിങ്ങൾക്ക് എപ്പോഴെങ്കിലും ദാവീദിനെ പോലെ, ജീവിതത്തിൽ ആമഗ്നനായി എന്നു തോന്നിയിട്ടുണ്ടോ? തുടർന്ന് സങ്കീർത്തനക്കാരൻ തന്റെ വിശ്വാസം പ്രകടമാക്കിയ രീതി നോക്കുക: "ഞാനോ ... ദൈവത്തെ വിളിച്ചപേക്ഷിക്കും, യഹോവ എന്നെ രക്ഷിക്കും ... അവൻ എന്റെ പ്രാർത്ഥന കേൾക്കും" (വാ. 16, 17). അവന്റെ തീർപ്പ് എന്തായിരുന്നു? "നിന്റെ ഭാരം യഹോവയുടെമേൽ വെച്ചുകൊൾക, അവൻ നിന്നെ പുലർത്തും" (വാ. 22). നമ്മുടെ വേദഭാഗത്തിന്റെ അടിസ്ഥാന സത്യം ദാവീദ് മനസിലാക്കിയിരുന്നു: ദൈവജനം പ്രാർത്ഥിക്കുമ്പോൾ, സ്വർഗം കേൾക്കും, സ്വർഗം പ്രസാദിക്കും, സ്വർഗം പ്രതികരിക്കും.

ആ വലിയ സത്യങ്ങളെ സ്വീകരിക്കുന്നത് നമ്മുടെ ജീവിതത്തെ ബാധിക്കും. നാം കൂടുതൽ പ്രാർത്ഥിക്കുമെന്നതാണ് ഒരു ഫലം. ദൈവവുമായുള്ള നമ്മുടെ ബന്ധം ശരിയാണോ എന്ന് നാം പരിശോധിക്കുമെന്നതാണ് മറ്റൊരു ഫലം. "യഹോവ ദുഷ്ടന്മാരോട് അകന്നിരിക്കുന്നു, നീതിമാന്മാരുടെ പ്രാർത്ഥനയോ അവൻ കേൾക്കുന്നു" (സദൃശവാക്യങ്ങൾ 15:29). നിങ്ങൾ ദൈവത്തെ "പിതാവേ" എന്ന് വിളിക്കുന്നതിന് മുൻപ് നിങ്ങൾ വെള്ളത്താലും ആത്മാവിനാലും വീണ്ടും ജനിക്കണം (യോഹന്നാൻ 3:3, 5); നിങ്ങൾ പാപമോചനത്തിനായി മുങ്ങൽ സ്നാനം ഏൽക്കണം (പ്രവൃത്തികൾ 2:38).

നിങ്ങൾ ഒരു ദൈവപൈതലായി തീരണമെന്നുണ്ടെങ്കിൽ, ദൈവപൈതലായി തീർന്നിട്ട് അവിശ്വസ്തനായി ജീവിച്ചിട്ട് കർത്താവിങ്കലേക്ക് തിരിച്ചുവരണമെന്നുണ്ടെങ്കിൽ, ഇപ്പോൾ തന്നെ അത് ചെയ്യുക!

---

### പ്രാസംഗികർക്കും ഉപദേഷ്ടാക്കൾക്കുമുള്ള കുറിപ്പുകൾ

തോമസ് ടൊറാൻസ് ഉപയോഗിച്ച ഒരു പ്രയോഗം ഈ പാഠത്തിന് നല്ല ഒരു തലവാചകം ആയിരിക്കും: "വിശുദ്ധന്മാരുടെ പ്രാർത്ഥനയും ദൈവത്തിന്റെ തീയും."[43] ഏൾ പാമറിന് ഒരു അമ്പരപ്പിക്കുന്ന തലവാചകമുണ്ട്: "ശബ്ദവും നിശബ്ദതയും."[44] വില്യം ബാർക്ലേ ഉപയോഗിച്ച പ്രയോഗം "മൗനതയും പ്രാർത്ഥനയുടെ ഇടിനാദവും."[45]

---

കുറിപ്പുകൾ

[1]ഏഴാം മുദ്രയുടെ പ്രവൃത്തികൾ വാക്യം 1-ൽ പൂർത്തിയായെന്നും നിശബ്ദത ഉണ്ടായത് മുദ്ര പൊട്ടിച്ചപ്പോൾ മാത്രമാണെന്നും ചിലർകരുതുന്നു. അതിന് സാധ്യതയുണ്ട്, എന്നാൽ പ്രവൃത്തികൾ തുടരുന്നതായിട്ടാണ് സന്ദർഭം വ്യക്തമാക്കുന്നത്. ഒന്ന്, വാക്യം 2 പുതിയ ഖണ്ഡികയായിട്ടല്ല തുടങ്ങുന്നത്; മറിച്ച്, വാക്യം 1 ഉം 2 ഉം ഒരേ ഖണ്ഡികയുടെ ഭാഗമായിട്ടാണ്. രണ്ട്, വാക്യം 5 ലെ നാടകീയ ഭാഷ ഏഴാം കാഹളമൂതലിന്റെയും (11:19) ഏഴാം കലശം ഒഴിക്കുന്നതിന്റേയും ഉച്ചസ്ഥായിയോട് സമാനമാണ് (16:18–21). അതിനർത്ഥം ഏഴാം മുദ്രയുടെ പ്രവൃത്തി ചുരുങ്ങിയത് വാക്യം 5 വരെ നീ

ളുന്നു എന്നാണ് - അതിൽ ദൂതന്മാർക്ക് ഏഴ് കാഹളങ്ങൾ നൽകുന്ന വാക്യം 2 ഉം ഉൾപ്പെടുന്നു. [2]ഫ്രാങ്ക് പാക്ക്, *റെവെലേഷൻ*, ഭാഗം 1 (ആസ്റ്റിൻ, ടെക്സ്.: കെ ബി. സ്വീറ്റ് കമ്പനി., 1965), 73. [3]ജിം മെക്ഗ്വിഗിൻ, *ദ ബുക്ക് ഓഫ് റെവെലേഷൻ*, ലുക്കിങ്ങ് അറ്റ് ദ ബൈബിൾ സീരീസ് (ലബക്, ടെക്സ്.: ഇന്റർ നാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976), 97-98. [4]മാർട്ടിൻ കിഡ്ലേ, *ദ റെവെലേഷൻ ഓഫ് സെന്റ്. ജോൺ,* ദ മൊഫാറ്റ് ന്യൂടെസ്റ്റമെന്റ് കമെന്ററി സീരീസ് (ന്യൂയോർക്ക്.: ഹാർപ്പർ & ബ്രദേഴ്സ് പബ്ലിഷേഴ്സ്, 1940), 128-29. നിങ്ങൾ അമേരിക്കയിലാണെങ്കിൽ, നിങ്ങൾക്ക് സ്പോർട്ടിസിന്റെ "റീപ്ലേയ്സ്" ഉപയോഗിക്കാം: പലപ്പോഴും അവ ടിവിയിൽ വ്യത്യസ്ത സമയങ്ങളിൽ വ്യത്യസ്തരീതിയിലായിരിക്കും സംപ്രേക്ഷണം ചെയ്യുക. [5]ഇബിഡ്. [6]ആ പുരോഗതിയുടെ പ്രാധാന്യം പിന്നീട് പറയുന്നതാണ്. [7]മഹാപുരുഷാരത്തിന്റെ ആരാധന "രാപ്പകൽ" തുടർന്നിരുന്നു എന്നാണ് അദ്ധ്യായം 7 പറയുന്നത് (വാ. 15) - മറ്റൊരു വാക്കിൽ പറഞ്ഞാൽ, നിർത്താതിരുന്നു എന്നർത്ഥം; അത് പെട്ടെന്നുണ്ടാ മൗനത കൂടുതൽ അത്ഭുതപ്പെടുത്തി. [8]*വെളിപ്പാട്* പുസ്തകത്തിലുള്ള "ഇവിടെ ഇതാ സർപ്പം" എന്ന പാഠത്തിൽ "നാഴിക" എന്നതിന്റെ ആലങ്കാരിക പ്രാധാന്യം ചുരുക്കമായി വിവരിക്കുന്നുണ്ട്, പക്ഷെ "അര മണിക്കൂർ" എന്നത് പറഞ്ഞിട്ടില്ല, എന്നാൽ യോഹന്നാൻ പറഞ്ഞ "അര മണിക്കൂറോളം" എന്നതിന് ആലങ്കാരികമായി "ആഴമുള്ള" അർത്ഥം കാണുന്നില്ല. അത് ചുരുങ്ങിയ അനിശ്ചിത മൗനത്തെയാണ് സൂചിപ്പിക്കുന്നത്. [9]സംഗീതത്തിലെ മുഴുവൻ നോട്ടുകളേയും പോലെ, അര നോട്ട്, കാൽ നോട്ട്, എട്ടാമത്തെ നോട്ട്, പതിനാറാമത്തെ നോട്ട് എന്നൊക്കെ പറയും, അതിൽ മുഴുവൻ നിർത്തലുകളുമുണ്ട്, അര നിർത്തൽ, കാൽ നിർത്തൽ, എട്ടാമത്തെ നിർത്തൽ, പതിനാറാമത്തെ നിർത്തൽ എന്ന് പറയും ഏത് രീതിയിലുള്ള നോട്ടാണോ അതാണ് എത്രത്തോളം നീട്ടാമെന്ന് കാണിക്കുന്നത്, അതുപോലെ ഏത് രീതിയിലുള്ള നിർത്തലാണോ ഉപയോഗിക്കുന്നത് അതു എത്രത്തോളം നിർത്താമെന്ന് കാണിക്കുന്നു. [10]മൗനതയുടെ മറ്റു ഉദ്ദേശങ്ങളും പരിഗണിക്കാവുന്നതാണ്: (1) ദുഷ്ടന്മാർക്ക് മാനസാന്തരപ്പെടുവാനുള്ള മുന്നറിയിപ്പാണ് കാഹളങ്ങൾ മുഖ്യമായും സൂചിപ്പിക്കുന്നത് എന്നതിനാൽ, ചിലർ വിചാരിക്കുന്നത്, മനുഷ്യർക്ക് മാനസാന്തരപ്പെടുവാൻ ദൈവം ക്ഷമയോടെ കാത്തിരിക്കുന്നതാണ് അര *മണിക്കൂർ* മൗനത എന്നാണ്. (2) ഏഴാം മുദ്രയുടെ എല്ലാ പ്രവൃത്തികളും വാക്യം 1-ൽ ഉൾപ്പെട്ടിരിക്കുന്നു എന്നു ചിന്തിക്കുന്നവർ പറയുന്നത് നിശബ്ദത വ്യക്തമാക്കുന്നത് നിത്യതയെ കുറിച്ച് പലതും നമുക്ക് അറിയില്ല എന്നത്രെ. (3) മൗനത്തിൽ ഏറ്റവും വലിയ ബഹുമാനമാണ് ചിലർ കാണുന്നത്.

[11]ജി. ആർ. മുറേ, *ദ ബുക്ക് ഓഫ് റെവെലേഷൻ,* ദ ന്യുസെഞ്ചുറി ബൈബിൾ കമെന്ററി സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1974), 150. (എംഫസിസ് മൈൻ.) [12]വില്യം ബാർക്ലേ, *ദ റെവെലേഷൻ ഓഫ് ജോൺ,* വാല്യം. 2, റെവ. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1976), 40. [13]പാക്ക്, 73. യൂജിൻ എച്ച്. പീറ്റേഴ്സൺ, റിവെഴ്സ്ഡ് തണ്ടർ (സാൻഫ്രാൻസിസ്കോ: ഹാർപ്പർ കോളിൻസ് പബ്ലിഷേഴ്സ്, 1988), 87. [14]"ദൂതന്മാരോട് പാട്ട് നിർത്തുവാൻ പറയുന്ന ഒരു വാക്യം താൽമൂദിലുണ്ട് ... അങ്ങനെ യിസ്രായേലിന്റെ പുകഴ്ച്ച ദൈവം കേൾക്കും." (റോബെർട്ട് മൗൺസ്, *ദ ബുക്ക് ഓഫ് റെവെലേഷൻ,* ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ് സീരീസ് [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977], 179). [15]പീറ്റേഴ്സൺ, 93. [16]ആൽബർട്ട് എച്ച്. ബാൽഡിഞ്ചർ, *പ്രീച്ചിങ്ങ് ഫ്രം റെവെലേഷൻ: ടൈമ്ലി മെസേജ് ഫോർ ട്രബിൾഡ് ഹാർട്ട്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1960), 40. [17]പീറ്റേഴ്സൺ,

94. [18]അടുത്ത പുസ്തകത്തിലെ ആദ്യ പാഠത്തിൽ ഏഴ് ദൂതന്മാരെ കുറിച്ച് പറയും. [19]ഏഴാം മുദ്ര പൊട്ടിക്കുന്നതിനും (8:1) ഇടിമുഴക്കത്തിനുമിടയിലുള്ള (8:5) എല്ലാ സംഭവങ്ങളും മൗനതയുണ്ടായപ്പോഴാണ് സംഭവിച്ചതെന്ന് ചിലർ കരുതുന്നു. അങ്ങ നെയെങ്കിൽ, അത് പ്രവൃത്തിയുടെ ഫലം വർദ്ധിപ്പിച്ചിരിക്കും. [20]"*അധികം* ധൂപവർഗം" ദൂതന് കൊടുത്തതിൽനിന്ന് വ്യാഖ്യാതാക്കൾ മനസിലാക്കുന്നത് ആ അലങ്കാരം യെഹൂദ പ്രതിഷ്ഠോൽസവത്തിൽനിന്നാണെന്നാണ്, കാരണം പ്രതിഷ്ഠോൽസവദി വസം മറ്റു ദിവസങ്ങളിൽ ഉപയോഗിക്കുന്നതിലധികം ധൂപവർഗം വിശുദ്ധസ്ഥലത്ത് ഉപയോഗിച്ചിരുന്നു.

[21]ഈ വേദഭാഗം എടുത്തുകൊണ്ട് ദൂതന്മാർ ക്രിസ്ത്യാനികൾക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു എന്ന് പഠിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്. എങ്ങനെയായാലും, ധൂപവർഗം ഉത്ഭവിച്ചത് ദൂതനിൽനിന്നായിരുന്നില്ല, അവന് *നൽകുക*യായിരുന്നു. വെളിപ്പാട് പുസ്തകത്തിലുടനീളമെന്നവണ്ണം, ദൂതന്മാർ സിംഹാസനത്തിൽനിന്നുള്ള നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കുന്ന സേവകാത്മാക്കളത്രെ. [22]ആ രംഗം അദ്ധ്യായം 6 ലേതുമായി ബന്ധപ്പെട്ടാണിരിക്കുന്നത്, അവിടെ രക്തസാക്ഷികൾ ചോദിക്കുന്നത്, "എത്രത്തോളം" എന്നാണ് (വാ. 9, 10), ഇവിടെ, രക്തസാക്ഷികൾ മാത്രമല്ല, "*സകല* വിശുദ്ധന്മാരും" പ്രാർത്ഥിക്കുകയാണ് എന്നത് ശ്രദ്ധിക്കുക. [23]ഈ രംഗം അദ്ധ്യായം 6 ലേതുമായി ബന്ധപ്പെട്ടിരിക്കുന്നു, അവിടെ രക്തസാക്ഷികൾ "യാഗപീഠത്തിൻ കീഴിലാണുള്ളത്" (വാ. 9). നാം 6:9-11 ചർച്ച ചെയ്തപ്പോൾ, ആ രംഗത്തിലെ യാഗപീ ഠം പഴയനിയമത്തിലെ താമ്രയാഗപീഠവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് പറയുക യുണ്ടായി. അതേസമയം, വെളിപ്പാടിൽ സ്പഷ്ടമായും ഒരു യാഗപീഠത്തെ കുറിച്ച് മാത്രമെ പറഞ്ഞിട്ടുള്ളു, അത് ചിലപ്പോൾ സ്വർണധൂപയാഗപീഠമായും മറ്റുചില പ്പോൾ താമ്രം കൊണ്ടുള്ള യാഗപീഠവുമായാണ് പറഞ്ഞിരിക്കുന്നത്. മൗൺസ് പ റഞ്ഞു, "യോഹന്നാന്റെ ദർശനത്തിൽ, എന്തുകൊണ്ടാണ് രണ്ട് [യാഗപീഠങ്ങളും] ചേർത്ത് ഒന്നാണെന്ന് പറഞ്ഞില്ല എന്നതിനു കാരണമൊന്നുമില്ല" (157). 8:1-5 ലെ യാഗപീഠത്തെ കുറിച്ച് പാക്ക് എഴുതി, "ഈ വേദഭാഗത്തിൽ രണ്ട് വ്യത്യസ്തമായ യാഗപീഠത്തെ കുറിച്ചു പറഞ്ഞിരിക്കുന്നു എന്നത് സംശയാസ്പദമാണ്, ഒരുപക്ഷെ ധൂപവർഗവും ദഹനയാഗവും ഒരു യാഗപീഠത്തിൽ തന്നെയായിരിക്കാം അർപ്പിച്ചിരു ന്നത്" (74). അദ്ധ്യായം 6 ലെ യാഗപീഠത്തിൽനിന്നു വ്യത്യസ്തമായി അദ്ധ്യായം 8-ൽ കൂടുതലും ധൂപവർഗം ഉപയോഗിക്കുന്നതിനാണ് സാധ്യത. [24]"വിശുദ്ധന്മാരുടെ പ്രാ ർത്ഥന" എന്ന പ്രയോഗം കൂടുതൽ അറിയുവാൻ ഈ പുസ്തകത്തിൽ ആദ്യം വന്ന "കുഞ്ഞാടാണ് യോഗ്യൻ" എന്ന പാഠത്തിലെ 5:8 ന്റെ കുറിപ്പുകൾ നോക്കുക. [25]കെ ജെവിയിൽ ഇതിനെ "ഏറ്റവും അതിവിശുദ്ധം" എന്നാണ് പറഞ്ഞിരിക്കുന്നത്. [26]യാഗം കഴിക്കുവാനുള്ള യാഗപീഠത്തിൽ ഏപ്പോഴും കൽക്കരി കത്തിക്കൊണ്ടിരിക്കും, പക്ഷെ ധൂപയാഗപീഠത്തിൽ അങ്ങനെയുണ്ടാകയില്ല എന്നതു സൂചിപ്പിക്കുന്നത്, ഇവിടെ പ റയുന്നത് ഒരുപക്ഷെ യാഗം കഴിക്കുന്നതിനുള്ള യാഗപീഠമായിരിക്കാം. [27]എൻഏ എസ്ബി ഇതിനെ "സാക്ഷ്യപെട്ടകം" എന്നാണ് വിളിച്ചിരിക്കുന്നത്. [28]ധൂപവർഗയാഗപീ ഠം അതിവിശുദ്ധസ്ഥലവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്, എബ്രായലേഖകൻ സ്വർണ്ണയാഗപീഠം ചിത്രീകരിച്ചിരിക്കുന്നത് അതിവിശുദ്ധസ്ഥലത്തി *നകത്തായി*ട്ട ാണ് (എബ്രായർ 9:3, 4). [29]ഇത് ആലങ്കാരികതയാണെന്ന് ഓർക്കുക. ആലങ്കാരികമായി ഉപയോഗിച്ചിരിക്കുന്ന ധൂപവർഗം കാണിച്ച് ഇന്ന് ആരാധനയിൽ അത് ഉപയോഗി ക്കുന്നത് നീതീകരിക്കാവുന്നതല്ല. ഈ പുസ്തകത്തിൽ ആദ്യം വന്നതായ "കുഞ്ഞാ ടാണ് യോഗ്യൻ" എന്ന പാഠത്തിലെ 5:8 ലെ കുറിപ്പ് നോക്കുക. [30]ലിയോൺ മോറിസ്, *റെവെലേഷൻ*, റെവ. എഡി., ദ ടിൻഡെയിൽ ന്യുടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ്

റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987), 118.

[31]പഴയനിയമത്തിൽ ആവർത്തിച്ച് ഉപയോഗിച്ചിരിക്കുന്ന പ്രയോഗമാണ് "സൗരഭ്യ വാസന" (കെജെവി). "സൂതിങ്ങ് അരോമാ" (എൻഏഎസ്ബി), അല്ലെങ്കിൽ "പ്ലീസിങ്ങ് അരോമാ" (എൻഐവി). (ഉദാഹരണത്തിന് നോക്കുക, ഉൽപത്തി 8:21; പുറപ്പാട് 29:18; ലേവ്യാപുസ്തകം 1:9; സംഖ്യാപുസ്തകം 15:7; യെഹെസ്ക്കേൽ 20:41.) ഏബി ഈ വാക്കുകളാൽ അതിനെ വിപുലമാക്കിയിരിക്കുന്നു: "ഏ സെന്റ് ഓഫ് സാറ്റി സ്ഫാക്ഷൻ ഇൻ ഹിസ് ഹാർട്ട്." ജുഡ്സോനിയയിലെ എന്റെ ക്ലാസിൽ പാഠത്തിന്റെ ഈ ഭാഗത്ത് എത്തുമ്പോൾ, വിദ്യാർത്ഥികളോട്, അവർക്ക്, "ഇഷ്ടമുള്ള ഗന്ധം" ഏതെല്ലാമെന്ന് ഞാൻ ചോദിക്കും. അതിന് അവർ, "അരിഞ്ഞ ഉടനെയുള്ള പച്ചപ്പുൽ," "മുറിച്ച ഓറഞ്ചിന്റെ ഗന്ധം," "പൊടിച്ച കാപ്പിയുടെ ഗന്ധം," "വീട്ടിലുണ്ടാക്കുന്ന റൊട്ടി യുടെ ഗന്ധം," പ്രസവിച്ചയുടനെ "വെടിപ്പാക്കിയ ശിശുവിന്റെ ഗന്ധം," "തേനൂറുന്ന പുഷ്പത്തിന്റെ നറുമണം," തുടങ്ങിയവ. നമ്മുടെ മൂക്കുകൾക്ക് ചില ഗന്ധം ആസ്വാ ദ്യകരമായിരിക്കുന്നതുപോലെ ദൈവത്തിന് നമ്മുടെ പ്രാർത്ഥനകൾ സൗരഭ്യവാസന യാണ്. [32]"അത്" എന്ന വാക്ക് മൂലഗ്രന്ഥത്തിലില്ല. ദൂതൻ എറിഞ്ഞത് തീ മാത്രമാണോ അതോ കലശവും തീയുംകൂടെ ആയിരുന്നോ? വേദഭാഗം അത് വ്യക്തമാക്കുന്നില്ല. അത് കാര്യമാക്കേണ്ടതില്ല. [33]ഈ പുസ്തകത്തിൽ നേരത്തെ വന്ന "അതിനുണ്ടായി രുന്നതുകൊണ്ട് ചെയ്തതായ സഭ" എന്ന പാഠത്തിലെ "ഭൂമിയിൽ വസിക്കുന്നവർ" എന്നതിന്റെ കുറിപ്പുകൾ നോക്കുക. [34]ഈ രംഗം യെഹസ്ക്കേലിലേതുപോലെയു ള്ളതാണ്, അവിടെ ധൂമ്രവസ്ത്രം ധരിച്ച ഒരു മനുഷ്യനോടാണ് കെരൂബുകൾക്കിട യിൽനിന്ന് ക്രോധകലശം എടുത്ത് തീ പട്ടണത്തിൽ എറിയുവാൻ ആവശ്യപ്പെട്ടത് (യെഹെസ്ക്കേൽ 10:2). ന്യായവിധിഭാഷയാണ് അത്. [35]ഈ പുസ്തകത്തിൽ ആദ്യം വന്ന "മഹാ ദിവസം ... വന്നിരിക്കുന്നു" എന്ന പാഠത്തിലെ 6:12 ന്റെ പരാമർശങ്ങൾ നോക്കുക. [36]ഏഴ് കാഹളങ്ങളും അവയുടെ ഉദ്ദേശങ്ങളും നാം അടുത്ത പാഠത്തിൽ പഠിക്കും. [37]പീറ്റേഴ്സൺ 87. [38]തോമസ് എഫ്. ടോറൻസ്, *ദ അപോകാലിപ്സ് ടുഡേ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1959), 60–61. [39]ഡി. ടി.നൈൽസ്, *ആസ് സീയിങ്ങ് ദ ഇൻവിസിബിൾ: ഏ സ്റ്റഡി ഓഫ് ദ ബുക്ക് ഓഫ് റെവെലേഷൻ* (ന്യുയോർക്ക്.: ഹാർപ്പർ & ബ്രദേഴ്സ്, പബ്ലിഷേഴ്സ്, 1961), 64. [40]ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ റെവെലേഷൻ* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1979), 182.

[41]ഹോമർ ഹെയ്ലി, *റെവെലേഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൈസ്, 1979), 214. [42]പീറ്റേഴ്സൺ, 95. [43]ടോറൻസ്, 61. [44]ഏൾ പാമർ, 1, 2, 3 *ജോൺ & റെവെലേഷൻ:* ദ കമ്മ്യുണിക്കേറ്റേഴ്സ് കമെന്ററി സീരീസ്, വാല്യം. 12 (ഡള്ളാസ്: വേർഡ് പബ്ലിഷിങ്ങ്, 1982), 185–86. [45]ബാർക്ലേ, 39–41.

---

### ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. എന്തെല്ലാം മൂന്നുദ്ദേശങ്ങളാണ് വെളിപ്പാട് 8:1–6 നിറവേറ്റുന്നത്?
2. പാഠമനുസരിച്ച്, ഏഴ് മുദ്രകളെ തുടർന്ന് ഏഴ് കാഹളങ്ങൾ മാത്രമല്ല, "അത് ഏഴാം മുദ്രയുടെ പ്രാഥമിക പ്രവൃത്തികളും കൊണ്ടുവന്നേ ക്കാം." എന്നത് എന്താണ് അർത്ഥമാക്കുന്നത്?
3. പാഠമനുസരിച്ച്, മുദ്രകൾ, കാഹളങ്ങൾ, കലശങ്ങൾ എന്നിവയുടെ പുരോഗതി എന്താണ്? (അതിന്റെ എല്ലാം *അർത്ഥ* മെന്തായിരിക്കു മെന്നതിനെ കുറിച്ച് ആകുല പ്പെടേണ്ട. ഒരു നിമിഷം, ആ ചിന്ത മന

സിൽ വെക്കുക.)

4. വെളിപ്പാട് 8:1 ലെ "മൗനത" യുടെ പ്രാധാന്യമെന്താണെന്നാണ് *നിങ്ങൾ* കരുതുന്നത്?
5. ക്രിസ്ത്യാനികളുടെ പ്രാർത്ഥന ദൈവം കേൾക്കുമെന്ന് ബൈബിൾ പഠിപ്പിക്കുന്നുണ്ടോ?
6. സമാഗമനകൂടാരത്തിലും, ദൈവാലയത്തിലും ആരാധനക്ക് സ്വർണ്ണ യാഗപീഠം എന്തിനായിരുന്നു? സമാഗമനകൂടാരത്തിലും ദൈവാലയത്തിലും സ്വർണ്ണയാഗ പീഠത്തിൽ ധൂപവർഗമർപ്പിച്ചിരുന്നത് ചർച്ച ചെയ്യുക.
7. പാഠമനുസരിച്ച്, വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടി ധൂപവർഗവും അർപ്പിക്കുന്നതിന്റെ പ്രാധാന്യമെന്ത്?
8. വെളിപ്പാട് 8-ൽ ധൂപവർഗം പറഞ്ഞിരിക്കുന്നതുകൊണ്ട് ഇന്ന് ആരാധനയിൽ നാം ധൂപം ഉപയോഗിക്കേണമോ?
9. ദൈവസന്നിധിയിൽ എത്തിയ പ്രാർത്ഥനയോട് സ്വർഗത്തിന്റെ പ്രതികരണം എന്തായിരുന്നു?
10. ക്രിസ്ത്യാനികളുടെ പ്രാർത്ഥനയോട് ഇപ്പോഴും സ്വർഗം *പ്രതികരിക്കു*മോ? ദൈവം എപ്പോഴെങ്കിലും നിങ്ങളുടെ പ്രാർത്ഥനയോട് പ്രതികരിച്ചിട്ടുണ്ടോ?



ധൂപവർഗയാഗപീഠ ത്തിനു മുൻപിൽ ഒരു ദൂതൻ (8:4)